# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മറ്റത്തൂർ ഗ്രാമപഞ്ചായത്ത് - ബൈപാസ്, ടാക്സി സ്റ്റാന്റ് നിർമ്മാണം - മുകുന്ദപുരം താലൂക്കിലെ വിവിധ സർവ്വേ നമ്പരുകളിൽ പ്പെട്ട 80 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 4395/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ഡിസംബർ 22, 2008.

പരാമർശം:
1. മറ്റത്തൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03-05-2008-ലെ 5-ാം നമ്പർ തീരുമാനം.
2. മറ്റത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06-10-2008-ലെ എ7- 90/07 നമ്പർ കത്ത്.

### ഉത്തരവ്

മേൽ പരാമർശപ്രകാരമുള്ള മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിന്റേയും അപേക്ഷയുടേയും അടിസ്ഥാനത്തിൽ കോടാലി ടൗണിൽ ടാക്സി സ്റ്റാന്റ് നിർമ്മിക്കുന്നതിനും, പ്രധാന റോഡായ ഇരിങ്ങാലക്കുട - വെള്ളിക്കുളങ്ങര റോഡിന് കോടാലിയിൽ ഒരു ബൈപാസ് നിർമ്മിക്കുന്നതിനുമായി മുകുന്ദപുരം താലൂക്കിൽ മറ്റത്തൂർ വില്ലേജിൽ സർവ്വേ 592/2, 592/1, 593, 593/2 എന്നിവയിൽ പ്പെട്ട 80 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് അക്വിസിഷൻ സംബന്ധമായി 2005-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ ചട്ടങ്ങൾ പാലിച്ചിരിക്കേണ്ടതാണ് എന്നും ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയോ വ്യവഹാരങ്ങളിൽ ബാധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്നുമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി/പ്രസിഡന്റ്, മറ്റത്തൂർ ഗ്രാമപഞ്ചായത്ത് , തൃശ്ശൂർ ജില്ല.

ജില്ലാ കളക്ടർ, തൃശ്ശൂർ.

(മറുപുറം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.